V1/14872/2023/DCE

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം,വികാസ് ഭവൻ,
തിരുവനന്തപുരം
തീയതി: 12.04.2023

**<u>പരിപത്രം</u>**

വിഷയം:- കോളേജ് വിദ്യാഭ്യാസ വകുപ്പ്- ഓഡിറ്റ് വിഭാഗം- വകുപ്പിലെ സർക്കാർ കോളേജുകൾ, ഡെപ്യൂട്ടി ഡയറക്ടറേറ്റുകൾ, ഹോസ്റ്റലുകൾ എന്നിവിടങ്ങളിൽ കോളജ് വിദ്യാഭ്യാസ വകുപ്പിലെ ഓഡിറ്റ് വിഭാഗം നടത്തിയ പരിശോധനാ റിപ്പോർട്ടുകളിലെ തീർപ്പാകാത്ത ഖണ്ഡികകൾ അടിയന്തിരമായി തീർപ്പാക്കുന്നത്- സംബന്ധിച്ച്

സൂചന :- 1) അക്കൗണ്ടന്റ് ജനറലിന്റെ 28.03.2023 ലെ ഓഡിറ്റ് ഒബ്സർവേഷൻ റഫറൻസ് നമ്പർ 43(OBS 638507)
2) 10/06/2005 ലെ സർക്കുലർ നമ്പർ 32/2005/Fin.

*********

*കോളജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ അക്കൗണ്ടന്റ് ജനറൽ നടത്തിയ പരിശോധനയിൽ വകുപ്പിന്റെ ആഭ്യന്തര പരിശോധന വിഭാഗം വിവിധ സ്ഥാപനങ്ങളിൽ പരിശോധന നടത്തി തയാറാക്കിയ റിപ്പോർട്ടുകളിൽ സാമ്പത്തിക ബാധ്യത നിലനിൽക്കുന്നത് ഉൾപ്പെടെ നിരവധി ഖണ്ഡികകൾ തീർപ്പാക്കാതെ കിടക്കുന്നത് കണ്ടെത്തുകയും ഇത് തീർപ്പാക്കുന്നതിൽ ഇനിയും വീഴ്ച്ച വരുത്തിയാൽ അത് ഡിപ്പാർട്മെന്റിന്റെ കാര്യക്ഷമതയില്ലായ്മയായി കാണേണ്ടി വരുമെന്ന നിലയിലുള്ള കടുത്ത നിലപാട് മേൽ സൂചന (1) പ്രകാരം എടുക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഓഡിറ്റിൽ കണ്ടെത്തുന്ന സാമ്പത്തിക ബാധ്യതകൾ ബന്ധപ്പെട്ട ജീവനക്കാർ രണ്ടു മാസത്തിനകം തുക ഒടുക്കി തീർപ്പാക്കേണ്ടതും അല്ലാത്ത പക്ഷം നിയന്ത്രണാധികാരിയിൽ നിന്നും ടി തുക ഈടാക്കേണ്ടതാണെന്നും നിഷ്കർഷിക്കുന്ന മേൽ സൂചന 2 സർക്കാർ സർക്കുലറിലെ നിർദേശം പാലിക്കപ്പെടുന്നില്ല എന്നും അക്കൗണ്ടന്റ് ജനറൽ പരാമർശിച്ചിട്ടുണ്ട്. കോളജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ വകുപ്പിലെ ആഭ്യന്തര പരിശോധന വിഭാഗം നടത്തുന്ന പരിശോധനകളിലുള്ള റിപ്പോർട്ടുകളോട് വളരെ ഉത്തരവാദിത്വ രഹിതമായാണ് ബന്ധപ്പെട്ട സ്ഥാപന മേധാവികൾ പ്രതികരിക്കുന്നത്. എളുപ്പത്തിൽ തീർപ്പാക്കാൻ കഴിയുന്ന ഖണ്ഡികകൾ പോലും തീർപ്പാക്കാൻ യാതൊരു നടപടിയും ബന്ധപ്പട്ടവരുടെ ഭാഗത്ത് നിന്നും ഉണ്ടാവുന്നില്ല. സ്ഥാപന മേധാവികളുടെ ഭാഗത്ത് നിന്നുള്ള ഇത്തരം നിസ്സംഗമായ സമീപനം വകുപ്പ് തല പരിശോധന കാര്യക്ഷമമായി മുന്നോട്ടു കൊണ്ടുപോകുന്നതിൽ വലിയ പ്രതിസന്ധി ഉണ്ടാക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ മേൽ സൂചന (2) ലെ സർക്കാർ സർക്കുലറിലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നതിന്റെ ഭാഗമായി താഴെ പറയുന്ന നിർദ്ദേശങ്ങൾ കർശനമായി നടപ്പാക്കുന്നതാണ്.*

*1) വകുപ്പ് തല ഓഡിറ്റിൽ കണ്ടെത്തുന്ന സാമ്പത്തിക ബാധ്യതകൾ ഓഡിറ്റ് റിപ്പോർട്ട് ലഭിച്ച രണ്ടു മാസത്തിനകം ബന്ധപ്പെട്ട ജീവനക്കാർ നിർബന്ധമായും ഒടുക്കേണ്ടതും ടി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്. നിശ്ചിത രണ്ടു മാസകാലയളവിനുള്ളിൽ ജീവനക്കാരൻ ബാധ്യത ഒടുക്കാത്ത പക്ഷം ബന്ധപ്പെട്ട DDO ടി ജീവനക്കാരുടെ ശമ്പളം/ പെൻഷൻ ആനുകൂല്യങ്ങളിൽ നിന്നോ മറ്റു ആനുകൂല്യങ്ങളിൽ നിന്നോ ബാധ്യത തിരിച്ച് പിടിച്ച് പ്രസ്തുത വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.അല്ലാത്ത പക്ഷം ടി ബാധ്യത DDO യുടെ ബാധ്യതയായി കണക്കാക്കുന്നതാണ്.*

*2) ദീർഘ കാലമായി തീർപ്പാക്കാതെ കിടക്കുന്ന ഖണ്ഡികകൾ തീർപ്പാക്കാനുള്ള ബാധ്യത നിലവിലുള്ള സ്ഥാപന മേധാവിക്കാണ്. സർക്കാർ സംവിധാനത്തിൽ, ഒരു സമയത്ത് റിപ്പോർട്ട് ചെയ്യപ്പെടുന്ന ബാധ്യത തിരികെ പിടിക്കാനുള്ള ഉത്തരവാദിത്വം പിന്നീട് സ്ഥാപന മേധാവികളായി ചുമതലയിൽ ഇരിക്കുന്ന എല്ലാവർക്കുമുണ്ട്.*

3) വകുപ്പിലെ ആഭ്യന്തര പരിശോധന വിഭാഗം സ്ഥാപനങ്ങളിൽ പരിശോധന നടത്തി തയാറാക്കുന്ന റിപ്പോർട്ടുകളിലുള്ള സാമ്പത്തിക ബാധ്യത ബന്ധപ്പെട്ട ജീവനക്കാരെ/പെൻഷൻകാരെ അറിക്കാനുള്ള ഉത്തരവാദിത്വം സ്ഥാപന മേധാവികൾക്കായിരിക്കും. റിപ്പോർട്ട് ലഭിച്ച് ഒരാഴ്ചക്കകം സാമ്പത്തിക ബാധ്യത വിവരം രജിസ്ട്രേഡ് തപാലിൽ ബാധ്യത ചുമത്തപ്പെട്ടിട്ടുള്ള ജീവനക്കാരെ/പെൻഷൻകാരെ അറിയിക്കേണ്ടതാണ്. ഇതിൽ വീഴ്ച വരുത്തുന്ന പക്ഷം ടി ബാധ്യത സ്ഥാപന മേധാവിയുടേതായി മാറും.

4) നിശ്ചിത സമയത്ത് ഓഡിറ്റ് തടസ്സവാദങ്ങൾ തീർപ്പാക്കാത്ത സ്ഥാപനങ്ങളുടെ വിവരങ്ങൾ സർക്കാരിനെ അറിയിക്കുന്നതാണ്.

5) എല്ലാ സ്ഥാപന മേധാവികളും വകുപ്പ് തല പരിശോധനക്കും അക്കൗണ്ടന്റ് ജനറലിന്റെ പരിശോധനക്കും പ്രത്യേകം ഓഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ പരിപാലിക്കേണ്ടതും പരിശോധന സമയത്ത് പരിശോധന നടത്തുന്ന ഉദ്യോഗസ്ഥർക്ക് ഓഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ കൈമാറേണ്ടതുമാണ്.

6) മേൽ നിർദേശങ്ങൾ കർശനമായി പാലിക്കുന്നുണ്ടെന്ന് സ്ഥാപനമേധാവികൾ ഉറപ്പുവരുത്തേണ്ടതാണ്. ആയതിൽ ഉണ്ടാകുന്ന വീഴ്ച ഗൗരവമായി വീക്ഷിക്കുന്നതും അച്ചടക്കനടപടികൾ കൈക്കൊള്ളുന്നതുമാണ്..

Approval Valid

Digitally Approved By
ജയകൃഷ്ണൻ ബി.എസ്സ്
Date: 12.04.2023
Reason: Approved

ഒപ്പ്/-
**ജയകൃഷ്ണൻ ബി.എസ്സ്**
സീനിയർ ഫിനാൻസ് ഓഫീസർ (ഇൻ ചാർജ്)

പകർപ്പ്:-

1) എല്ലാ മേഖല ഡെപ്യൂട്ടി ഡയറക്ടർമാർക്കും.
2)എല്ലാ സർക്കാർ കോളേജ് പ്രിൻസിപ്പാൾമാർക്കും.
3) എല്ലാ സർക്കാർ ലോ കോളജ് പ്രിൻസിപ്പാൾമാർക്കും.
4) പ്രിൻസിപ്പൽ, ഫിസിക്കൽ എഡ്യൂക്കേഷൻ കോളജ്, കോഴിക്കോട്.
5) എല്ലാ സർക്കാർ സംഗീത/ഫൈൻ ആർട്സ് കോളജ് പ്രിൻസിപ്പാമാർക്കും.
6) എല്ലാ സർക്കാർ കോളേജ് ഹോസ്റ്റൽ വാർഡന്മാർക്കും